**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5487** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കിർത്താഡ്സ് നടത്തിയ പഠന പ്രകാരം തിരുവിതാംകൂർ ഭാഗത്തെ വേടൻ, വേട്ടുവൻ, മലവേടൻ എന്നീ വിഭാഗങ്ങൾ ഒരേ വംശീയരാണെന്ന് കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ മലവേടൻ എന്ന വിഭാഗം പട്ടികവർഗ്ഗമായും വേടൻ, വേട്ടുവൻ എന്നീ വിഭാഗങ്ങളെ പട്ടികജാതിയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഒരേ വംശീയരായ ഇവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | മലവേടൻ വിഭാഗം 1950-ലെ ഭരണഘടന (പട്ടികവർഗ്ഗ) ഉത്തരവിലൂടെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ പട്ടികജാതി പട്ടികയിൽപ്പെട്ട വേടൻ സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന നാല് ശിപാർശകൾ വിവിധ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (ORGI) നിരസിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ